**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1470** **19-09-2025 - ൽ മറുപടിയ്ക്ക്**

**നാദാപുരം നിയോജക മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് നാദാപുരം നിയോജക മണ്ഡലത്തിൽ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി മുഖേനയും പ്ലാൻ ഫണ്ട് ഉപയോഗിച്ചും കെട്ടിട നിർമാണം, നവീകരണം എന്നിവയ്ക്കായി ഏതെല്ലാം സ്കൂളുകൾക്ക് തുക അനുവദിച്ചുവെന്നും അവയിൽ ഏതെല്ലാം പൂർത്തിയാക്കിയെന്നും ഇനിയും പൂർത്തിയാക്കുവാനുള്ളവ ഏതെല്ലാമാണെന്നുമുള്ള വിശദാംശം നൽകുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് നാദാപുരം നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ട് , പ്ലാൻ ഫണ്ട് എന്നിവ മുഖാന്തിരം നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :-<br><br>നാദാപുരം ഗവണ്മെന്റ് യു.പി സ്കൂളിന് കിഫ്ബി ഫണ്ട് മുഖാന്തിരം 3 കോടി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണം 6 മാസം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.<br><br>കല്ലാച്ചി ഗവണ്മെന്റ് യു.പി സ്കൂളിന് പ്ലാൻ ഫണ്ട് മുഖാന്തിരം 88 ലക്ഷം രൂപ അനുവദിച്ചിരുന്നു.ടി സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ ഉത്ഘാടനം കഴിഞ്ഞിട്ടില്ല. |
| (ബി) | ഇവയിൽ ഓരോന്നിനും എത്ര തുകയാണ് അനുവദിച്ചതെന്നും എപ്പോൾ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ? | (ബി) | ഈ സർക്കാരിന്റെ കാലത്ത് നാദാപുരം നിയോജക മണ്ഡലത്തിൽ കിഫ്ബി ഫണ്ട് , പ്ലാൻ ഫണ്ട് എന്നിവ മുഖാന്തിരം നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :-<br><br>നാദാപുരം ഗവണ്മെന്റ് യു.പി സ്കൂളിന് കിഫ്ബി ഫണ്ട് മുഖാന്തിരം 3 കോടി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണം 6 മാസം കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.<br><br>കല്ലാച്ചി ഗവണ്മെന്റ് യു.പി സ്കൂളിന് പ്ലാൻ ഫണ്ട് മുഖാന്തിരം 88 ലക്ഷം രൂപ അനുവദിച്ചിരുന്നു.ടി സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ ഉത്ഘാടനം കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ